## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

12.12.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1007

### പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. സി. പി. മുഹമ്മദ്** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പാക്കേജുകൾ തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 07/05/2012 ലെ ജി.ഒ (എം.എസ്) 65/2012/പിസവിവ പ്രകാരം ശ്രീ. പി.പി.ഗോപി ഐ.എ.എസ് (റിട്ട)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ക്ഷേമം സംബന്ധിച്ച് പ്രത്യേക പാക്കേജുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) യും (സി) യും — ബാധകമല്ല |
| (സി) ഏതെല്ലാം സമുദായക്കാർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ